ICPS2/4321/2022 (7)

**വനിതാ ശിശുവികസന ഡയറക്ടറേറ്റ്,**
**പൂജപ്പുര, തിരുവനന്തപുരം.**
**ഫോൺ : 0471-2346508, 0471-2346534**
**ഇ-മെയിൽ directorate.wcd@kerala.gov.in**
**തീയതി** : 27/12/2022

# ടെണ്ടർ നോട്ടീസ്

വനിതാ ശിശുവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോമുകളിൽ താമസിക്കുന്ന കുട്ടികളുടെ സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനായി **2023 ജനുവരി** മാസം 20,21,22 **തീയതികളിൽ** **തിരുവനന്തപുരം** ഗവണ്മെന്റ് വിമൻസ് **കോളേജിൽ** വച്ച് **'വർണ്ണച്ചിറകുകൾ 2022'** എന്ന പേരിൽ നടത്തുന്ന പരിപാടിയിലേക്ക് ചുവടെ പറയുന്ന പ്രവർത്തികൾ ചെയ്യുന്നതിന് ഈ മേഖലയിൽ പരിചയസമ്പന്നരും അംഗീകൃത ലൈസൻസ് ഉള്ളവരുമായ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്ന് മൽസരാധിഷ്ഠിത സ്വഭാവമുള്ള ടെണ്ടറുകൾ സീൽ ചെയ്ത് മുദ്ര വച്ച കവറിൽ ക്ഷണിക്കുന്നു.

**പ്രവർത്തി സ്വഭാവം**

1. 2023 ജനുവരി 20,21,22 തീയതികളിൽ തിരുവനന്തപുരം ഗവണ്മെന്റ് വിമൻസ് കോളേജിലെ ഒരു പ്രധാന സ്റ്റേജിലും 3 ഉപസ്റ്റേജുകളിലേക്കും, ഭക്ഷണശാല, എക്സിബിഷൻ/എക്സ്പോ ഹാൾ/ഓപ്പൺ സ്റ്റേജ് /കുട്ടികൾക്കു വേണ്ടി ഒരുക്കിയിട്ടുള്ള കളിസ്ഥലം, അലങ്കാര ആർച്ചുകൾ എന്നിവിടങ്ങളിലും പ്രധാനപ്പെട്ട സ്റ്റേജിന് ഒരു കിലോമീറ്റർ ചുറ്റളവിൽ വൈദ്യുത ദീപാലങ്കാരമടക്കം നടത്തി ശബ്ദം, വെളിച്ചം എന്നിവ ക്രമീകരിക്കണം.

2. മെയിൻ ഹാളിൽ നടത്തപ്പെടുന്ന ഉദ്ഘാടന സമാപന സമ്മേളനങ്ങൾക്കും, മേൽപ്പറഞ്ഞ സ്റ്റേജുകളിൽ നടത്തപ്പെടുന്ന കുട്ടികളുടെ കലാപരിപാടികൾ ആകർഷമാകുന്ന തരത്തിൽ പ്രത്യേക ശബ്ദം വെളിച്ചം എന്നിവ ക്രമീകരിക്കണം.

3. വൈദ്യുതി തടസ്സം ഉണ്ടാകുന്ന പക്ഷം വൈദ്യുത ദീപാലങ്കാരം, ശബ്ദം, വെളിച്ചം എന്നിവക്ക് തടസ്സം ഉണ്ടാകാത്ത വിധത്തിൽ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ പവർ യൂണിറ്റ് (ജനറേറ്റർ) ക്രമീകരിക്കണം

| | |
|---|---|
| പ്രവർത്തിയുടെ അടങ്കൽ തുക : | 3,30,000/- (ജി എസ് ടി ഉൾപ്പടെ) |
| ടെണ്ടർവില (അടങ്കൽ തുകയുടെ 0.2%): | 660 + 120 (18% ജി എസ് ടി)=720/- |
| നിരതദ്രവ്യം (അടങ്കൽ തുകയുടെ 1%): | 2800/- (വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ അംഗീകൃത ബാങ്കിൽ നിന്ന് എടുത്ത ഡിമാൻഡ് ഡ്രാഫ്റ്റ്) |
| ടെണ്ടർ ഫോം വിൽക്കുന്ന അവസാന തീയതിയും സമയവും : | 12/01/2023 വൈകുന്നേരം 2.00 മണി. |
| പൂരിപ്പിച്ച ടെണ്ടർ ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും | 12/01/2023 വൈകുന്നേരം 3.00 മണി. |

| | | |
|---|---|---|
| ടെണ്ടറുകൾ തുറക്കുന്ന തീയതിയും സമയവും | : | 12/01/2023 വൈകുന്നേരം 4.00 മണി. |
| ടെണ്ടർ സമർപ്പിക്കേണ്ട അധികാരിയുടെ ഓഫീസ് മേൽ വിലാസം | : | ഡയറക്ടർ, വനിതാ ശിശുവികസന ഡയറക്ടറേറ്റ്, പൂജപ്പുര, തിരുവനന്തപുരം. |

<u>വ്യവസ്ഥകൾ</u>

1. ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതിയിൽ നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ടെണ്ടർ സമർപ്പിച്ച കരാറുകാരുടേയും അവർ രേഖാമൂലം ചുമതലപ്പെടുത്തുന്നവരുടേയോ സാന്നിധ്യത്തിൽ നിശ്ചിത തീയതിയിൽ നിശ്ചിത സമയത്തിൽ ടെണ്ടർ തുറന്നു പരിശോധിക്കുന്നതായിരിക്കും. ഇവരുടെ അഭാവത്തിലും നിശ്ചിത സമയത്ത് ടെണ്ടർ തുറന്നു പരിശോധിക്കുന്നതായിരിക്കും.
2. ടെണ്ടർ തുറക്കുന്ന തീയതിയിൽ ഏതെങ്കിലും സാഹചര്യത്തിൽ അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസത്തിൽ രാവിലെ 10.30 മണിക്ക് ടെണ്ടറുകൾ തുറന്നു പരിശോധിക്കുന്നതാണ്.
3. ടെണ്ടറിന് സ്റ്റോർ പർച്ചേസ് മാനുവൽ, ജി എസ് ടി, ഐ ടി ചട്ടങ്ങൾ മറ്റു സർക്കാർ ചട്ടങ്ങൾ/ഉത്തരവുകൾ ബാധകമായിരിക്കും.
4. ടെണ്ടറുകൾ ഏതൊരു കാരണവും കൂടാതെ നിരുപാധികം നിരസിക്കുന്നതിനും തീർപ്പു കൽപ്പിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും നീട്ടി വയ്ക്കുന്നതിനുമുള്ള അധികാരം ടെണ്ടർ ക്ഷണിച്ച അധികാരിയിൽ നിക്ഷിപ്തമായിരിക്കും.
5. ഈ പ്രവർത്തികൾക്ക് ശബ്ദ വെളിച്ച ക്രമീകരണത്തിനായും, വൈദ്യുത ദീപാലങ്കാരത്തിനുമായും ആവശ്യമായി വരുന്ന സാധന സാമഗ്രികളുടെ വിശദമായ ലിസ്റ്റ് ആവശ്യമായ POWER (Watt), Power unit ന്റെ capacity എന്നിവ ടെണ്ടറിനോടൊപ്പം പ്രത്യേകമായി സമർപ്പിക്കേണ്ടതാണ്.
6. ടെണ്ടർ അംഗീകരിച്ചു ലഭിക്കുന്ന കരാറുകാരൻ കരാറു തുകയുടെ 5% തുക സെക്യൂരിറ്റി നിക്ഷേപമായി സമർപ്പിക്കേണ്ടതും, 200/- രൂപയുടെ മുദ്രപത്രത്തിൽ നിശ്ചിത കരാർ ഏർപ്പെട്ട് പ്രവർത്തി പൂർത്തിയാക്കേണ്ടതുമാണ്.
7. ടെണ്ടർ സമർപ്പിക്കുന്ന കവറിനു മുകളിൽ ടെണ്ടർ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.

ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ടെണ്ടർ തീയതിമുതൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും തിരുവനന്തപുരം പൂജപ്പുര ആസ്ഥാനമായി പ്രവർത്തിക്കുന്ന വനിത ശിശുവികസന ഡയറക്ടറേറ്റിൽ നിന്നും അറിയാവുന്നതും പ്രവർത്തി സ്ഥലം പരിശോധിക്കാവുന്നതാണ്.

വനിത ശിശുവികസന ഡയറക്ടർ